LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ പുത്തൂരില്ല ജില്ലാ ഹോമിയോ ആശുപത്രി

162 [1742] ശ്രീ. എ. സി. ഷണ്മുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുത്തൂരില്ല ജില്ലാ ഹോമിയോപ്പതി ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞുകിടപ്പുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എന്ന് വെളിപ്പെടുത്താമോ;

(സി) കെട്ടിടം പണി പൂർത്തീകരിച്ച് രോഗികളെ കിടത്തി ചികിത്സ നടത്തുന്ന പ്രസ്തുത ആശുപത്രിക്ക് ആവശ്യമായ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഡിപ്പാർട്ട്മെന്റ് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി ഇപ്പോൾ എഞ്ചിക്കൽ എന്ന സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രിയിൽ 15 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ലാബ് ടെക്നീഷ്യൻ, കുക്ക് എന്നീ തസ്തികകളും നഴ്സിന്റെ മൂന്ന് തസ്തികകളുള്ളതിൽ ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്.

(സി ആന്റ് ഡി) പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്ന് നിർദ്ദേശമൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ 7-11-2003-ലെ (എം.എസ്.) 229/03/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് മെഡിക്കലാഫീസർ, ലാബ് ടെക്നീഷ്യൻ, ലാബ് അറ്റൻഡർ എന്നിവരുടെ ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം

163 [1743] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഹോസ്റ്റലിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?